# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3793
# 21/06/2019 ലെ മറുപടിക്ക്

## അങ്കമാലി നിയോജകമണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | അങ്കമാലി എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 2016-2017, 2017-2018, 2018-2019 എന്നീ വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് എത്രയെന്നുള്ള കണക്ക് ലഭ്യമാക്കാമോ; | 2017-18 സാമ്പത്തിക വർഷം മുതലാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിച്ച് തുടങ്ങിയത്. 04/08/2018 ലെ സ.ഉ(പി)നം.119/2018/ധന ഉത്തരവിന്റെ ഖണ്ഡികകൾ 2.7 മുതൽ 2.10 വരെയുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായാണ് ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നത്. ഒന്നിലധികം സാമ്പത്തിക വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് പരിഗണിക്കുന്നതിന് നിർദ്ദേശമില്ല. ഒരു സാമ്പത്തിക വർഷത്തെ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് അടുത്ത സാമ്പത്തിക വർഷം പ്രയോജനപ്പെടുത്താവുന്നതാണ്. ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നത് അതത് ജില്ലാകളക്ടർമാരാണെങ്കിലും അവ നടപ്പിലാക്കുന്നത് വിവിധ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ/അക്രഡിറ്റഡ് ഏജൻസികൾ മുഖേനയാണ്. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ വിവിധ ഘട്ടങ്ങൾ പിന്നിട്ട് പ്രവർത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | ഇപ്രകാരം ലഭിക്കുന്ന ടെണ്ടർ സേവിംഗ്സ് തുക സംയുക്തമായി (2016-17 മുതൽ 2018-19 വരെ) ഒറ്റ പദ്ധതിക്കായി നൽകുമോ; വിശദാംശം ലഭ്യമാക്കാമോ; | |
| (സി) | ഇല്ലെങ്കിൽ ടെണ്ടർ സേവിംഗ്സ് തുക എപ്രകാരം നൽകുമെന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ